സുബൈർ കുന്ദമംഗലം



# ഉദ്ദേശ്യ ശുദ്ധി

عَنْ أَبِي مُوسَى الأَشْعَرِيِّ رَضِيَ اللهُ عَنْهُ: أَنَّ رَجُلاً أَعْرَابِيًّا أَتَى النَّبِيَّ ﷺ فَقَالَ: يَا رَسُولَ اللهِ، الرَّجُلُ يُقَاتِلُ لِلْمَغْنَمِ وَالرَّجُلُ يُقَاتِلُ لِيُذْكَرَ وَالرَّجُلُ يُقَاتِلُ لِيُرَى مَكَانُهُ فَمَنْ فِي سَبِيلِ اللهِ؟ فَقَالَ رَسُولُ اللهِ ﷺ: مَنْ قَاتَلَ لِتَكُونَ كَلِمَةُ اللهِ أَعْلَى فَهُوَ فِي سَبِيلِ اللهِ (رواه مسلم - كتاب الجهاد)

അബൂമൂസൽ അശ്അരിയിൽനിന്ന്: ഒരു ഗ്രാമീണ അറബി നബി (സ)യുടെ അടുത്തുവന്ന് പറഞ്ഞു: 'ദൈവദൂതരേ, ഒരാൾ സമരാർജിത സ്വത്തിനുവേ@ി യുദ്ധം ചെയ്യുന്നു. മറ്റൊരാൾ കീർത്തിക്കുവേ@ി യുദ്ധം ചെയ്യുന്നു. വേറൊരാൾ തന്റെ സ്ഥാനവും ശൗര്യവും ജനങ്ങളെ അറിയിക്കാൻ യുദ്ധം ചെയ്യുന്നു. ഇവരിൽ ആരാണ് അല്ലാഹുവിന്റെ മാർഗത്തിൽ?' പ്രവാചകൻ (സ) പ്രതിവചിച്ചു: 'അല്ലാഹുവിന്റെ വചനം അത്യുന്നതമായിത്തീരാൻ യുദ്ധം ചെയ്യുന്നവനാണ് അല്ലാഹുവിന്റെ മാർഗത്തിൽ' (മുസ്‌ലിം).

ആത്മാർഥതയാണ് മനുഷ്യന്റെ കർമഫലങ്ങൾ നിശ്ചയിക്കുന്നതെന്ന ഉപരിസൂചിത ഹദീസിന്റെ പാഠഭേദങ്ങൾ പ്രാമാണിക ഗ്രന്ഥങ്ങളിൽ വന്നിട്ടുണ്ട്. ഇമാം ബുഖാരി 'കിതാബുൽ ഈമാനി'ലും ബുഖാരിയും മുസ്‌ലിമും സംയുക്തമായും ഈ ഹദീസ് ഉദ്ധരിച്ചതായി കാണാം. ഒരു കർമം സ്വയം നല്ലതായാൽ പോരാ, അതിന്റെ പിന്നിലെ ഉദ്ദേശ്യവും നല്ലതായിരിക്കണം. എങ്കിലേ, അല്ലാഹു ആ കർമം സ്വീകരിക്കുകയുള്ളൂ. 'ബലിമൃഗത്തിന്റെ രക്തമോ മാംസമോ അല്ല, നിങ്ങളുടെ തഖ്‌വയാണ് അല്ലാഹുവിലേക്ക് എത്തുന്നത്' എന്ന് ഖുർആനിക പാഠം ശ്രദ്ധേയം. 'അല്ലാഹു നിങ്ങളുടെ ശരീരത്തിലേക്കോ ബാഹ്യഘടനയിലേക്കോ അല്ല ഹൃദയത്തിലേക്കാണ് നോക്കുന്നത്.' (മുസ്‌ലിം).

ഉമറുബ്നുൽ ഖത്ത്വാബി(റ)ൽനിന്ന് നിവേദനം: റസൂൽ (സ) അരുളി: 'പ്രവർത്തനങ്ങളെല്ലാം ഉദ്ദേശ്യമനുസരിച്ച് മാത്രമായിരിക്കും. ഓരോരുത്തനും താനുദ്ദേശിച്ചത് മാത്രമാണ് ലഭിക്കുക. അതിനാൽ ഏതൊരുത്തന്റെ ഹിജ്റ (പലായനം) അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കുമാണോ അപ്പോൾ അവന്റെ ഹിജ്റ അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കുമായിരിക്കും. ഒരാളുടെ ഹിജ്റ ഇഹലോകം നേടാനോ ഒരു സ്ത്രീയെ വിവാഹം കഴിക്കാനോ ആണെങ്കിൽ അവന്റെ ഹിജ്റ അവൻ ഉദ്ദേശിച്ചതിലേക്ക് തന്നെയായിരിക്കും' (കിതാബുൽ ജിഹാദ്-മുസ്‌ലിം).

നിഷ്കളങ്കതയും നിസ്വാർഥതയുമില്ലെങ്കിൽ എത്ര ആവേശത്തോടെ പ്രവർത്തിച്ചിട്ടും പ്രയോജനമില്ല. മാത്രമല്ല, ഭൗതിക നേട്ടങ്ങളിൽ കണ്ണുനട്ടുകൊണ്ടുള്ള പ്രവർത്തനം ഗുരുതരമായ ആപത്തിലേക്ക് നയിക്കുകയും ചെയ്യും. 'ആദ്യമായി മൂന്ന് തരം ആളുകളുടെ മേലാണ് നരകത്തീ ജ്വലിപ്പിക്കപ്പെടുക. ഒന്ന്, ഓത്തുകാരനാണെന്ന പ്രശസ്തിക്കുവേണ്ടി ഖുർആൻ പാരായണം ചെയ്തവൻ. രണ്ട്, ധീരനാണെന്ന കീർത്തിക്കുവേണ്ടി ജിഹാദ് ചെയ്തവൻ. മൂന്ന്, തന്റെ ഉദാരത ലോകത്തെ അറിയിക്കാൻ വേണ്ടി ദാനം ചെയ്തവൻ' (കിതാബുൽ ഇമാറ-മുസ്‌ലിം).

ജീവിതം മുഴുക്കെ അല്ലാഹുവിന് സമർപ്പിച്ച ഒരു സത്യവിശ്വാസി ക്ഷണികവും നിസ്സാരവുമായ ഭൗതിക ലോകത്തുനിന്ന് വല്ലതും പ്രതീക്ഷിക്കുമോ? ദുൻയാവിന്റെ മൊഞ്ചും സീനത്തും അയാളെ ഒരിക്കലും പ്രലോഭിപ്പിക്കുകയില്ല. ഇഖ്‌ലാസ് അഥവാ ആത്മാർഥതയെപ്പറ്റി ഖുർആൻ നിരന്തരം ഉദ്ബോധിപ്പിക്കുന്നുണ്ട്.

ഏറ്റവും ശ്രേഷ്ഠമായ കർമമേതെന്ന ചോദ്യത്തിന് ഫുദൈലുബ്നു ഇയാദ് നൽകിയ മറുപടി: 'ആത്മാർഥവും നിർഭയവുമായ പ്രവർത്തനം.' പേരിനും പെരുമക്കും വേണ്ടി ജീവൻ പോലും പണയം വെച്ച് മത്സരിക്കുന്നവരുണ്ട്. അവർ ജീവകാരുണ്യ-സംഘടനാ പ്രവർത്തനങ്ങളിൽ ആവേശകരമായ പലതും കാഴ്ചവെക്കും. പക്ഷേ, ഉദ്ദേശ്യം പിഴച്ചുപോയതു കാരണം അല്ലാഹു അത് സ്വീകരിക്കുകയില്ലെന്നുമാത്രമല്ല, ദൈവകോപത്തിന് അവർ പാത്രമാവുകയും ചെയ്യും. ●